ആർക്കും സംസാരിക്കാൻ അവസരവുമില്ല. തെറ്റായ വിവരങ്ങൾ പറയുമ്പോൾ അതിനെപ്പറ്റി എപ്പോഴാണ് സംസാരിക്കുന്നത്? അതായത് അപകടമുണ്ടാകുന്ന അവസരത്തിൽ എം.എ.ക്ലെയിമിന്റെ 1/3 തുക ഡ്രൈവർമാരിൽ നിന്ന് ഈടാക്കണമെന്ന് കേരളാ ഹൈക്കോടതിയുടെ വിധിയുണ്ട്. ഗവൺമെന്റ് അപ്പീൽ കൊടുത്തു, യൂണിയൻ അപ്പീൽ കൊടുത്തു. സുപ്രീംകോടതി ഹൈക്കോടതിയുടെ തീരുമാനം ശരിവച്ചു. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് തിരുത്താൻ അവകാശമില്ല. ഇത് ഞാൻ പരിശോധിച്ചിട്ടുള്ളതാണ്.

മി. സ്പീക്കർ : തെറ്റായ വിവരങ്ങൾ സഭയ്ക്ക് നൽകിയാൽ അതിന് പ്രതിവിധിയുണ്ടെന്ന് അങ്ങേക്കറിയാമല്ലോ?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഒരു പ്രതിവിധിയുമില്ല. എന്താണ് പ്രീവിലേജോ?

മി. സ്പീക്കർ : അതിന് പ്രതിവിധിയുണ്ട്. തെറ്റായ വിവരങ്ങൾ സഭയ്ക്ക് നൽകിയാൽ അത് വളരെ സീരിയസ്സായിട്ടുള്ള കാര്യമാണ്.

(3) തകഴിയിൽ ഒരു അന്തർദേശീയ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, മൺമറഞ്ഞ മഹാൻമാരുടെ സ്മാരകങ്ങൾ പലതും സർക്കാരിന്റെ ചുമതലയിൽ ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. അടുത്തകാലത്ത് നമ്മെ വിട്ടുപിരിഞ്ഞ മഹാനായ, മലയാള വിശ്വകഥാകാരനായ തകഴി ശിവശങ്കരപിള്ളയ്ക്ക് ഉചിതമായ ഒരു സ്മാരകം അദ്ദേഹത്തിന്റെ ജൻമനാടായ തകഴിയിൽ സ്ഥാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കുട്ടനാടിനെ ഇതിഹാസ ഭൂമിയാക്കി മാറ്റി, മലയാളത്തെ വിശ്വസാഹിത്യവേദിയിലേക്കുയർത്തിയ തകഴിയുടെ സ്മാരകം ഒരു അന്തർദേശീയ സാംസ്കാരിക കേന്ദ്രമായിരിക്കണം. അന്തർദേശീയ പ്രാധാന്യമുള്ള കേന്ദ്രം, ലോകശ്രദ്ധ ആകർഷിക്കുന്നതിനാവശ്യമായ സംവിധാനങ്ങളോടുകൂടി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, മലയാളത്തിന്റെ വിശ്വസാഹിത്യകാരനായിരുന്ന തകഴി ശിവശങ്കരപ്പിള്ളയുടെ സ്മരണ നിലനിർത്തുന്നതിനാവശ്യമായ എല്ലാ നടപടികൾക്കും സർക്കാർ സന്നദ്ധമാണ്. ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. തകഴിയിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലത്ത്, അദ്ദേഹത്തിന്റെ വീട് വിട്ടുതരാമെന്ന് അദ്ദേഹത്തിന്റെ ബന്ധുക്കൾ ഗവൺമെന്റിന് എഴുതിത്തന്നിട്ടുണ്ട്. അവിടെ ഉചിതമായ ഒരു സ്മാരകം, നിർമ്മിക്കുന്നതാണ്. അത് വിശ്വോത്തരമാകണമോ വേണ്ടയോ എന്നുള്ളത് വരുന്ന ആളുകൾ തീരുമാനിക്കേണ്ട കാര്യമാണ്- അത് വിശ്വോത്തരമായിത്തീരുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ വിശ്വാസം. തകഴിയുടെ കുടുംബാംഗങ്ങളിൽനിന്നും, തകഴിയെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ജനങ്ങളിൽ നിന്നും, ആവേശകരമായ പ്രതികരണമാണ് മേൽ നടപടിയുടെ കാര്യത്തിലുണ്ടായത്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലും സർക്കാരിന്റെ പുതിയ സാംസ്കാരിക നയത്തിന്റെ ഭാഗമായും യശഃശരീരനായ മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ തകഴിയുടെ വീടും വീട് ഉൾപ്പെടുന്ന 35 സെന്റ് സ്ഥലവും ഏറ്റെടുത്ത് ഭാവി തലമുറയ്ക്ക് ഓർമ്മിക്കാൻ പറ്റുന്ന വിധ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഒരു ചരിത്ര മ്യൂസിയമായി മാറ്റുന്നകാര്യം തീർച്ചയായും ഗൗരവത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ഏതാണ്ട് മൂന്നുമാസത്തിനകം ഇത് പൂർത്തിയാക്കി രാഷ്ട്രത്തിന് സമർപ്പിക്കാൻ കഴിയുന്നനിലയിൽ പ്രാവർത്തികമാക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം.

(4) ഗവൺമെന്റ് പ്രസ്സുകളിലെ തസ്തികകൾ നിർത്തലാക്കിയത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ : സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളിൽ 7 പോസ്റ്റുകൾ നിർത്തലാക്കിക്കൊണ്ട് ഗവൺമെന്റ് ഓർഡർ ഇറക്കിയിരിക്കുകയാണ്. ലെറ്റർ പ്രസ് മെഷീനുകൾക്കുപകരം ഓഫ്സെറ്റ് മെഷീനുകൾ സ്ഥാപിക്കുമ്പോൾ തസ്തികകൾ ചുരുക്കുന്നു എന്നാണ് ആ ഓർഡറിൽ പറഞ്ഞിരിക്കുന്നത്. കമ്പോസിംഗ്, എം.സി. എന്നീ സെക്ഷനുകളിൽ കമ്പോസിംഗ് ജോലികൾക്ക് അനുബന്ധമായി ജോലികൾക്ക് ഉണ്ടാക്കിയിട്ടുള്ള പ്രൂഫ് റീഡിംഗ്, പ്രിന്റിംഗ്, ബൈൻഡിഗ്, കമ്പോസിംഗ് തുടങ്ങിയവയ്ക്കു പുറമേ ആഫീസ് സ്റ്റാഫ് തുടങ്ങി എല്ലാ സെക്ഷനുകളിലേയും ജീവനക്കാരെ ആനുപാതികമായി കുറയ്ക്കേണ്ടി വരും എന്നതിനാൽ ഗവൺമെന്റ്പ്രസ്സിനെ മൊത്തത്തിൽ ഈ ഉത്തരവ് ബാധിക്കും. കമ്പ്യൂട്ടർവൽക്കരണം ഏറ്റെടുക്കുമ്പോൾ തൊഴിലില്ലായ്മ വർദ്ധിക്കുമെന്ന് പ്രചരിപ്പിച്ചവർ അധികാരത്തിലിരിക്കുമ്പോൾ മോഡണൈസേഷന്റെ പേരിൽ ഇപ്പോൾ തസ്തികകൾ വെട്ടിച്ചുരുക്കുകയാണ്. അതീവ രഹസ്യസ്വഭാവമുള്ള പ്രിന്റിംഗ് ജോലികൾ ആര് അധികാരത്തിലിരിക്കുമ്പോഴും കൃത്യമായി ചെയ്തുകൊടുക്കുന്ന ഗവൺമെന്റ് പ്രസ്സുകളെ തകർക്കുന്ന ഇത്തരം നടപടികൾ ഗവൺമെന്റ് അവസാനിപ്പിക്കണം. മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ മൂന്ന് ഷിഫ്റ്റുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മണ്ണന്തല ഗവൺമെന്റ് പ്രസ്സിന് മുഴുവൻ ശേഷിയും ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽപ്പോലും തസ്തികകൾ വെട്ടിച്ചുരുക്കുന്നത് സ്വകാര്യമേഖലയെ പ്രോൽസാഹിപ്പിക്കാൻ വേണ്ടിയാണ്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ കമ്പ്യൂട്ടർവൽക്കരണം വന്നപ്പോൾ ഒരു തസ്തികയും കുറച്ചില്ലെന്നു മാത്രമല്ല 50 പുതിയ തസ്തികകൾ കൂടുതലായിട്ട് അനുവദിക്കുകയും ചെയ്തു. അതുകൊണ്ട് മോഡേണൈസേഷന്റെ പേരിൽ ഗവൺമെന്റ് പ്രസ്സിലെ തസ്തികകൾ ചുരുക്കുന്ന ഈ നടപടി പിൻവലിക്കണമെന്നും അടിയന്തിരമായി അവർക്ക് പ്രൊമോഷൻ സാദ്ധ്യതകൾ വർദ്ധിപ്പിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു.

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, അച്ചടി രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് അച്ചടി വകുപ്പിലും ആധുനികവൽക്കരണം നടത്തുകയാണ്. ലെറ്റർ പ്രസ്സ് ടെക്നോളജി കാലോചിതമല്ലാത്തനിനാൽ പുതിയ സാങ്കേതിക ഓഫ്സെറ്റ് അച്ചടിവിദ്യ ആരംഭിച്ചിരിക്കുന്നു. ഹാന്റ് കംമ്പോസിംഗിനു പകരം ഡി.ടി.പി.സമ്പ്രദായവും ലെറ്റർപ്രസ്സിനു പകരം ഓഫ്സെറ്റ് പ്രസ്സുകളും വന്നുകഴിഞ്ഞിരിക്കുന്നു. തൽഫലമായി ലെറ്റർ പ്രസ്സുമായി ബന്ധമുള്ള ചില തസ്തികകളിൽ ജോലിചെയ്യുന്നവർക്ക് പ്രവർത്തനമില്ലാതെ വരുന്നു. കമ്പോസിറ്റർ, മോണോ കീ-ബോർഡ് ഓപ്പറേറ്റർ, മോണോ ടൈപ്പ് കാസ്റ്റർ ഓപ്പറേറ്റർ, Mono Super Caster Operator, Linotype Operator, Intertype Operator, Galley Pressman എന്നിവ ഇതിൽപ്പെടുന്നു. ഈ തസ്തികകൾ നിർത്തലാക്കിയിട്ടില്ല. ഇവയിലെ ഗ്രേഡ് II വിഭാഗം ഒഴിവുകൾ വരുന്ന മുറക്ക് നിന്നുപോകുമെന്നേ സർക്കാർ ഉത്തരവിൽ ഉദ്ദേശിച്ചിട്ടുള്ളൂ. ഇപ്പോൾ പ്രവർത്തിയെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly